പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5052 — 06-02-2014-ൽ മറുപടിക്ക്.

ഏഴ് വയസ്സുള്ള ബാലൻ മദ്യംകഴിച്ച് മരണപ്പെട്ട സംഭവം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. ദാസൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) പത്തനാപുരത്ത് ഏഴ് വയസ്സുള്ള ബാലൻ മദ്യംകഴിച്ച് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വികലമായ മദ്യനയവും മദ്യപാനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ പോരായ്മയുമാണ് ഇത്തരം സംഭവങ്ങൾക്ക് കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. മരണപ്പെട്ട കുട്ടിയുടെ പിതാവ് വീട്ടിൽ ഉപയോഗത്തിനായി സൂക്ഷിച്ചിരുന്ന മദ്യം, കുട്ടി ഉപയോഗിച്ചതു മൂലമാണ് മരണം സംഭവിച്ചത്. ഇത്തരം ഒറ്റപ്പെട്ട സംഭവം ബോധവൽക്കരണ പ്രവർത്തനങ്ങളുടെ പോരായ്മയായി കാണാൻ സാധിക്കില്ല. |
| (സി) മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് മതിയായ സംരക്ഷണവും സഹായവും എത്തിക്കാൻ നടപടി സ്വീകരിക്കുമോ; | (സി)-യും, (ഡി)-യും<br>ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) പ്രസ്തുത സംഭവം സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് നടപടി ഉണ്ടാകുമോ? | |

സെക്ഷൻ ആഫീസർ